(സി) ആലപ്പുഴ ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നത് ലക്ഷ്യമാക്കി ജില്ലാപഞ്ചായത്ത് 2010-2011 വർഷം 10,00,000 (പത്ത് ലക്ഷം) രൂപ വകയിരുത്തി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. കുട്ടനാട് നിയോജകമണ്ഡലത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ടി പദ്ധതിയുടെ പൂർത്തീകരണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതമായി ആവശ്യപ്പെടുന്ന തുക ടി ഫണ്ടിൽനിന്നും ബന്ധപ്പെട്ട കെ. എസ്.ഇ.ബി ഡിവിഷനിൽ നിക്ഷേപിക്കുന്നതാണ്.

പൊതുവഴി കയ്യേറി മതിലും വീടും നിർമ്മിച്ചതായി പരാതി

113 (4736) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിളവൂർക്കൽ പഞ്ചായത്തിലെ 13-ാം വാർഡിൽ ചൂഴാറ്റുകോട്ട വെള്ളയക്കോണം ഏലാ റോഡിൽ പൊതുവഴി കയ്യേറി മതിലും വീടും നിർമ്മിച്ചതായി പരാതികൾ ലഭിച്ചിരുന്നോ ;

(ബി) പൊന്നയ്യൻ രവി എന്നയാളിന് വീടും മതിലും നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിരുന്നോ ;

(സി) ഇല്ലെങ്കിൽ അനധികൃത നിർമ്മാണത്തിന് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) വീട് നിർമ്മിക്കുന്നതിന് ബി.പി.199/07-08 തീയതി 23-8-2007 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്.

(സി) പൊതുവഴി കയ്യേറിയത് സംബന്ധിച്ചുള്ള പരാതി തിരുവനന്തപുരം ജില്ലാ കളക്ടറുടെ പരിഗണനയിലാണ്.

(ഡി) ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് ഒരു ഹിയറിംഗ് നടത്തിയിട്ടുണ്ട്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

വടകര മണ്ഡലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പണിത റോഡുകൾ

114 (4737) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും തനത് ഫണ്ടുപയോഗിച്ചും അല്ലാതെയും എത്ര റോഡുകൾ നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് പണിതിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly